പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3126 — 07/11/2019-ൽ മറുപടിക്ക്

## ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ നിയമനങ്ങൾ സംബന്ധിച്ച പരാതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2016-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലെ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുന്നില്ലെന്ന് കാണിച്ച് നൽകിയ 1059/2019/VIP/M.Edn എന്ന നിവേദനത്തിലെ നടപടികൾ അറിയിക്കുമോ;<br><br>(ബി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; നോട്ട് ഫയൽ കോപ്പി ലഭ്യമാക്കുമോ; | (എ) യും (ബി) യും 06.06.19 ലെ സ.ഉ (കൈ) നമ്പർ.58/19/പൊ.വി.വ പ്രകാരം ഫിസിക്സ് / കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച് എസ് ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 06/06/19 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26/06/19 ലെ സ.ഉ (കൈ) നം.73/19/പൊവിവ പ്രകാരം വ്യക്തമാക്കുകയും ചെയ്തു.<br>എന്നാൽ 06-06-19 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ രണ്ടും കൂടി ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ് നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെയും എയ്ഡഡ് സ്കൂളിലെ സ്ഥാപിത അവകാശികളായ കെ ഇ ആർ അധ്യായം XIV എ റൂൾ 43, 51എ, 51ബി അവകാശികളെയും മേൽ ഉത്തരവിന്റെ പരിധിയിൽ നിന്നും പിന്നീട് ഒഴിവാക്കുകയുണ്ടായി.<br>ഇതിനിടയിൽ ഫിസിക്സും, കെമിസ്ട്രിയും പഠിച്ച് ഫിസിക്കൽ സയൻസിൽ ബി.എഡും നേടിയ നിരവധി ഉദ്യോഗാർത്ഥികൾ ഉണ്ടായിരിക്കവേ, അവരെ പരിഗണിച്ചതിനു ശേഷം മാത്രമേ |

| | |
|---|---|
| | ഇവ രണ്ടും ഒരുമിച്ച് പഠിക്കാത്തവരെ പരിഗണിക്കാവൂ എന്ന് അപേക്ഷിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. 1059/2019/VIP/M.Edn നിവേദനത്തിന്റെ വിഷയവും ആയതിന്റെ പരിധിയിൽ വരും. രണ്ടു വിഭാഗക്കാരും അവരുടെ അവകാശം ഉന്നയിച്ച് മുന്നോട്ട് വന്ന സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനായി ഫയൽ പിരശോധനയിലിരിക്കുകയാണ്. (നോട്ട് ഫയൽ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു). |
| (സി) ഈ വിഷയം പൊതു വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഡി.ജി.ഇ ഓഫീസിലെ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) പരിശോധിച്ചിട്ടുണ്ട്. 06/06/19 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപ വിഷയങ്ങളല്ലാതെ പഠിച്ച് ബി.എസ്.സി ഫിസിക്സ്/കെമിസ്ട്രി ബിരുദം നേടിയവരെയും ഈ തീയതിയിൽ പ്രസ്തുത കോഴ്സുകൾ പഠിക്കുന്നവരെയും, ഈ തീയതിയിൽ 43, 51എ, 51ബി അവകാശം സിദ്ധിച്ചവരെയും 6-6-19-ലെ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് അറിയിക്കുകയുണ്ടായി. (ഡി.ജി.ഇ ഓഫീസിലെ ഫയലിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു). |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**Note No. #1**

എച്ച് എസ് എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്കുള്ള യോഗ്യതയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പുനർ പരിശോധിക്കണമെന്ന് കാണിച്ചുകൊണ്ട് ശ്രീ പി ഉബൈദുള്ള എം എൽ എ ബഹു മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്ത് 1 -3 പുറങ്ങളിൽ കണ്ടാലും.

സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിലായി നൂറോളം കോളേജുകളിൽ മുഖ്യ വിഷയമായി ഫിസിക്സ്, കെമിസ്ട്രി എന്നിവയോടൊപ്പം മറ്റു വിഷയങ്ങളാണ് ഉപവിഷയമായി പഠിപ്പിക്കുന്നതെന്നും ഇതിനകം ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളാണ് ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ളതെന്നും കത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

എന്നാൽ 06.06.19 ലെ സ.ഉ.(കൈ)നമ്പർ.58/19 ഉത്തരവിലൂടെ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടമാകുമെന്നും ആയതിനാൽ ടി ഉത്തരവ് റദ്ദ് ആകുന്നതിനും ഉപവിഷയം പരിഗണിക്കാതെ മാർക്ക് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്നതിനും നിലവിലുള്ള അധ്യാപകർക്ക് പ്രമോഷൻ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിച്ചിരിക്കുന്നു.

06.06.19 ലെ ഉത്തരവിലൂടെ പ്രമോഷൻ അവസരം നഷ്ടമായി എന്ന് കാണിച്ചുകൊണ്ട് ഫിസിക്കൽ സയൻസ് (പ്രമോഷൻ) കൂട്ടായ്മയും ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. ആയത് പേജ് 5 ൽ കാണാവുന്നതാണ്.

മേൽ ഉത്തരവിലൂടെ നിരവധി പേർക്കാണ് അവസരം നഷ്ടമാകുന്നതെന്നും ആയതിനാൽ തങ്ങളെ മേൽ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ടുള്ള നിരവധി ഫോൺ കോളുകൾ സെക്ഷനിൽ ലഭിക്കുന്നുമുണ്ട്.

ടി സാഹചര്യത്തിൽ,

(1) നാളിതുവരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികളെ ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെ ഈ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതുണ്ടോ?

(2) ബി.എഡ് ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് പ്രവേശനം നൽകുന്ന വേളയിൽ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമായി ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ ചെയ്തവരെ മാത്രമേ കേരളത്തിലെ എയ്ഡഡ്/ സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിക്കൂ എന്ന നിർദേശം നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടേണ്ടതുണ്ടോ?

(3)43 അവകാശികളെ മേൽ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതുണ്ടോ? {യോഗ്യതയുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ നിന്നും മുൻപ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ നിന്നും 43 അവകാശികളെ ഒഴിവാക്കിയിട്ടില്ല എന്ന വസ്തുത കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു}.

**17/07/2019 2:12 PM**

**ATHIRA R NATH**
**(ASST (J3) G.EDN)**

**Note No. #2**

**17/07/2019 3:49 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #3**

ന:ഫ: പുറം ഒന്നിൽ ലഭ്യമായ ബഹു: മെമ്പർ ശ്രീ ഉബൈദുള്ളയുടെയും ന:ഫ: പുറം പതിനേഴിൽ ലഭ്യമായ ഉദ്യോഗാർത്ഥികളുടെയും നിവേദനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ, SCERT ഡയറക്ടർ എന്നിവർക്ക് അയച്ചുകൊടുത്ത് മുൻ ഖണ്ഡികയിൽ പരാമർശിച്ച വസ്തുതകൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള വ്യക്തമായ ശുപാർശ അടങ്ങുന്ന റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കാവുന്നതുമാണ്.

**18/07/2019 10:47 AM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #4**

**18/07/2019 1:33 PM**

**A. SHAJAHAN**
**(SECY (G.EDN))**

**Note No. #5**

**18/07/2019 2:50 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #6**

**18/07/2019 3:24 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #7**

vide orders above, draft letter submitted for approval.

**23/07/2019 2:30 PM**

**ATHIRA R NATH**
**(ASST (J3) G.EDN)**

**Note No. #8**

കരട് അംഗീകാരത്തിന്.note #3 ലെ ഉത്തരവ് കണ്ടാലും.note #1 ലെ (2) ആയി പറഞ്ഞിരിക്കുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം നല്കുന്ന കാര്യത്തിലും പൊ.വി.ഡ യുടെ അഭിപ്രായം വാങ്ങാനായാണ് കരട് തയ്യാറാക്കിയിരിക്കുന്നത് എന്നത് ശ്രദ്ധയിൽ പ്പെടുത്തുന്നു..

**24/07/2019 10:24 AM**

**GANGA G R**
**(SO (J) G.EDN)**

**Note No. #9**

**25/07/2019 4:43 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #10**

**25/07/2019 4:47 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #11**

**25/07/2019 4:50 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #12**

**26/07/2019 9:45 AM**

**GANGA G R**
**(SO (J) G.EDN)**

**Note No. #13**

**27/07/2019 11:08 AM**

**ATHIRA R NATH**
**(ASST (J3) G.EDN)**

**Note No. #14**

## <u>ചംക്രമണക്കുറിപ്പ്</u>

06.06.19 ലെ സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ ( attached as link file J3/121/18)ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരാകുന്നതിന് ഫിസിക്സും കെമിസ്ട്രിയും മെയിൻ ആയോ സബ്സ്ഡിയറിയായോ പഠിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു.യ പ്രസ്തുത ഉത്തരവു സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. താഴെ കാണുന്ന കാര്യങ്ങളാണ് പ്രധാനമായും തീരുമാനിക്കപ്പെടേണ്ടത്.

(1)മേൽ ഉത്തരവ് തീയതി വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികളെ ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെ ഈ ഉത്തരവിന്റെ പരിധിയിൽ

നിന്നും ഒഴിവാക്കേണ്ടതുണ്ടോ?

(2) 43 അവകാശികളെ മേൽ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതുണ്ടോ?

(3)ബി.എഡ് ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് പ്രവേശനം നൽകുന്ന വേളയിൽ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമായി ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ ചെയ്തവരെ മാത്രമേ കേരളത്തിലെ എയ്ഡഡ്/ സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിക്കു എന്ന നിർദേശം നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടേണ്ടതുണ്ടോ?

2. ഇക്കാര്യത്തിൽ പൊ.വി.ഡ നല്കിയ റിപ്പോർട്ട് ന.ഫ 22 ൽ കണ്ടാലും.മേൽ ഉത്തരവ് തീയതി വരെ ഇത്തരത്തിൽ ബിരുദം നേടിയവരെയും ഈ തീയതിയിൽ പ്രസ്തുത കോഴ്സ് പഠിക്കുന്നവരെയും ,ഈ തീയതിയിൽ 43,51എ,51 ബി അവകാശം സിദ്ധിച്ചവരെയും ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്.എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ റിപ്പോർട്ട് ന.ഫ. 21 ൽ കണ്ടാലും. അദ്ദേഹം വ്യക്തമായി ഒഴിവാക്കാവുന്നതാണെന്നോ അല്ലെന്നോ അഭിപ്രായപ്പെട്ടിട്ടില്ല.

3. ഈ സാഹചര്യത്തിൽ താഴെ കാണുന്ന കാര്യങ്ങളിൽ ഉത്തരവിനായി ഫയൽ ബഹു.വിദ്യാഭ്യാസ മന്ത്രിക്കു ചംക്രമണം ചെയ്യാവുന്നതാണ്.

1. 06.06.19 വരെ ഇത്തരത്തിൽ ബിരുദം നേടിയവരെയും ഈ തീയതിയിൽ പ്രസ്തുത കോഴ്സ് പഠിക്കുന്നവരെയും , ഈ തീയതിയിൽ 43,51എ,51 ബി അവകാശം സിദ്ധിച്ചവരെയും സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണോ?
2. ബി.എഡ് ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് പ്രവേശനം നൽകുന്ന വേളയിൽ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമായി ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ ചെയ്തവരെ മാത്രമേ കേരളത്തിലെ എയ്ഡഡ്/ സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിക്കു എന്ന നിർദേശം നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടാമോ?

**27/07/2019 12:48 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #15**

**27/07/2019 12:55 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #16**

**28/07/2019 11:33 AM**

**A. SHAJAHAN**
**(SECY (G.EDN))**

**Note No. #17**
കുറിപ്പ് ഫയൽ ഖണ്ഡിക 14 (3) ലെ നിർദ്ദേശം അംഗീകരിക്കുന്നു.

**02/08/2019 12:33 PM**

**PROF. C. RAVEENDRA NATH**
**(MIN (G.EDN))**

**Note No. #18**

**03/08/2019 8:54 AM**

**A. SHAJAHAN**
**(SECY (G.EDN))**

**Note No. #19**

കരട് ഉത്തരവ് അംഗീകാരത്തിനായി.

**03/08/2019 12:05 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #20**

ഇതേ വിഷയത്തിൽ പബ്ളിക് സർവ്വീസ് കമ്മിഷന്റെ നിലപാട് വ്യക്തമാക്കുന്ന കത്ത് ലഭ്യമായിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. ആയത് ഈ ഫയലിൽ കാണുന്നില്ല. പരിശോധിച്ച് സമാഹൃതക്കുറിപ്പ് സമർപ്പിക്കുക.

**03/08/2019 1:04 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #21**

<u>സമാഹൃതക്കുറിപ്പ്</u>

06.06.19 ലെ സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ ( attached as link file J3/121/18) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരാകുന്നതിന് ഫിസിക്സും കെമിസ്ട്രിയും മെയിൻ ആയോ സബ്സ്ഡിയറിയായോ പഠിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു. പ്രസ്തുത ഉത്തരവു സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

2. ഇക്കാര്യത്തിൽ പൊ.വി.ഡ നല്കിയ റിപ്പോർട്ട് ന.ഫ 22 ൽ കണ്ടാലും.മേൽ ഉത്തരവ് തീയതി വരെ ഇത്തരത്തിൽ ബിരുദം നേടിയവരെയും ഈ തീയതിയിൽ പ്രസ്തുത കോഴ്സ് പഠിക്കുന്നവരെയും ,ഈ തീയതിയിൽ 43,51എ),51 ബി അവകാശം സിദ്ധിച്ചവരെയും ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്.എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ റിപ്പോർട്ട് ന.ഫ. 21 ൽ കണ്ടാലും. അദ്ദേഹം വ്യക്തമായി ഒഴിവാക്കാവുന്നതാണെന്നോ അല്ലെന്നോ അഭിപ്രായപ്പെട്ടിട്ടില്ല.

3. ഈ സാഹചര്യത്തിൽ താഴെ കാണുന്ന കാര്യങ്ങളിൽ ഉത്തരവു പുറപ്പെടുവിക്കാൻ ബഹു.വിദ്യാഭ്യാസ മന്ത്രി ഉത്തരവായിട്ടുണ്ട്.

1. 06.06.19 വരെ ഇത്തരത്തിൽ ബിരുദം നേടിയവരെയും ഈ തീയതിയിൽ പ്രസ്തുത കോഴ്സ് പഠിക്കുന്നവരെയും , ഈ തീയതിയിൽ 43,51എ),51 ബി അവകാശം സിദ്ധിച്ചവരെയും സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ

ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണോ?

2. ബി.എഡ് ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് പ്രവേശനം നൽകുന്ന വേളയിൽ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമായി ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ ചെയ്തവരെ മാത്രമേ കേരളത്തിലെ എയ്ഡഡ്/ സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിക്കു എന്ന നിർദേശം നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടാമോ?

4. എന്നാൽ ഇത് സംബന്ധിച്ച് പി.എസ്.സിയിൽ നിന്നും **ഇപ്പോൾ ലഭിച്ച കത്ത്** ന.ഫ 23ആം പുറത്തു കണ്ടാലും.എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)തസ്തികയുടെ യോഗ്യത സംബന്ധിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 370/12 എന്ന കേസിൽ 19-6-2012 ൽ താഴെ കാണും പ്രകാരം ഒരു വിധി നില നിൽക്കുന്നതായി അതിൽ പരാമർശിക്കുന്നു.

Physical Science teacher has to teach physics and chemistry in the High School classes and should have studied physics and chemistry either as main subject or subsidiary subjects.

5. പ്രസ്തുത വിധിയുടെയും തുടർന്നുള്ള ഹൈക്കോടതി വിധിയുടെയും അടിസ്ഥാനത്തിലാണ് ടി.തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനു വേണ്ട യോഗ്യതകളുടെ സ്വീകാര്യത സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും അതേസമയം ടി.വിധിക്കനുസൃതമായി യോഗ്യത ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവായത് 6-6-2019 ൽ മാത്രമായതിനാലാണ് മേൽ വ്യവസ്ഥ 2016വരെയുള്ള നോട്ടിഫിക്കേഷനിൽ ചേർക്കാത്തതെന്നും കത്തിൽ പരാമർശിക്കുന്നു.

6.ഈ സാഹചര്യത്തിൽ, note#17 ലെ ബഹു.മന്ത്രിയുടെ ഉത്തരവ് പ്രകാരം , സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാമെയെന്നതിൽ ഉത്തരവിനായും അങ്ങനെയെങ്കിൽ കരട് ഉത്തരവ് അംഗീകരിക്കാനുമായി ഫയൽ സമർപ്പിക്കുന്നു.

**03/08/2019 2:04 PM**

**GANGA G R**

**(SO (J) G.EDN)**

**Note No. #22**

മുൻ കുറിപ്പുകൾ വായിച്ചാലും. ഫിസിക്കൽ സയൻസ് പഠിപ്പിക്കുന്ന ഹൈസ്കൂൾ ടീച്ചർമാർ അവരുടെ ബിരുദതലത്തിൽ അവശ്യമായും ഫിസിക്സും കെമിസ്ട്രിയും മുഖ്യവിഷയമായോ ഉപവിഷയമായോ പഠിച്ചിരിക്കേണ്ടതിന്റെ സാധൂകരണം വ്യക്തമാക്കിക്കൊണ്ടുള്ള നിരീക്ഷണങ്ങളോടെ ബഹു: അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ 2012-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ഈ നിരീക്ഷണങ്ങൾ ബഹു:ഹൈക്കോടതി ഡിവിഷൻ ബഞ്ച് ശരിവയ്ക്കുകയും ചെയ്തു. ഈ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വിധിന്യായം നടപ്പിൽ വരുത്താൻ നിർദ്ദേശമില്ലായിരുന്നതിനാൽ യോഗ്യത പുനർനിർണ്ണയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. എന്നാൽ ബഹു: പബ്ലിക് സർവ്വീസ് കമ്മിഷൻ അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യോഗ്യതയില്ലാത്തവരുടെ അപേക്ഷകൾ നിരസിച്ചു. ഇതിനെതിരെ അപേക്ഷകർ സുപ്രീം കോടതിയെ സമീപിക്കുകയും കേസ് ഫയൽ ചെയ്തിരുന്നവരെ നിലനിർത്താൻ വിധിക്കുകയും ഈ വിധി ഭാവിയിൽ മറ്റുള്ള കേസുകളിൽ ബാധകമാകില്ല എന്നു വ്യക്തമാക്കുകയും ചെയ്തു. യോഗ്യത പുനർനിർണ്ണയിക്കേണ്ട അധികാരിയായ സർക്കാർ അപ്രകാരം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല എങ്കിലും, മുമ്പ് സൂചിപ്പിച്ചതുപോലെ 2012-ൽ ബഹു: അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിലെ നിരീക്ഷണങ്ങൾ പിന്തുടർന്ന് ബഹു: കമ്മിഷൻ പില്ക്കാലത്ത് സമാനമായ അപേക്ഷകൾ നിരസിക്കുകയുണ്ടായി. ഈ നടപടി യോഗ്യത നിർണ്ണയിക്കേണ്ട അധികാരിയായ സർക്കാരിൽ നിന്നും ഉണ്ടാകേണ്ടിയിരുന്ന ഉത്തരവിന്റെ അഭാവത്തിലായിരുന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. അങ്ങനെയിരിക്കെയാണ്, തർക്കവിഷയമായ യോഗ്യത KER-ൽ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ 06/06/2019-ലെ GO(Ms)58/2019/GEdn. പുറത്തിറക്കുന്നത്. ഇതിന്റെ പ്രാബല്യം 06/06/2019 മുതല്ക്കേ ഉള്ളൂ എന്ന് GO(Ms)73/2019/GEdn. Dt. 26/06/2019

പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

2) ഇപ്രകാരം ഒരു ഉത്തരവ് എന്തുകൊണ്ട് മേല്പരാമർശിച്ച കോടതി നിരീക്ഷണങ്ങളുടെ അനുബന്ധമായി പുറപ്പെടുവിച്ചില്ലെന്നതിനുള്ള രേഖകൾ/ മുൻ ഫയലുകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. 2012-ലെ ബഹു: അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ ഉത്തരവ്, 2013-ലെ ബഹു:ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധി,2015-ലെ ബഹു: സുപ്രീം കോടതി വിധി എന്നിവകളിൽ ഇദ്ദിശയിൽ കൃത്യമായ ഉത്തരവ്/ ചട്ടനിർമ്മാണം വേണമെന്ന നിർദ്ദേശം ഇല്ലാതിരുന്നത് ഒരു കാരണമായി കരുതാവുന്നതാണ്. യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവില്ലാതെ, കോടതി നിരീക്ഷണം മാത്രം അടിസ്ഥാനമാക്കി ഇക്കാര്യത്തിൽ നാളിതുവരെ നിലപാട് സ്വീകരിച്ച ബഹു: കമ്മിഷനെ മേല്പറഞ്ഞ രണ്ട് സർക്കാർ ഉത്തരവുകൾ പ്രതിരോധത്തിലാക്കിയിട്ടുണ്ട് എന്നത് കമ്മിഷന്റെ കത്തിൽ നിന്നും വ്യക്തമാണ്.

3) മേൽ പരാമർശിച്ച പശ്ചാത്തലത്തിൽ നോക്കുമ്പോൾ സർക്കാരിന്റെ നിലപാട് വ്യക്തമാണ്. ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിച്ചതിന് ബഹു: കമ്മിഷന് ചൂണ്ടിക്കാണിക്കാനുള്ളത് മുൻ പറഞ്ഞ കോടതി നിരീക്ഷണങ്ങൾ മാത്രമാണ്. *[അപേക്ഷ നിരസിക്കപ്പെട്ടവർ കോടതിയെ സമീപിച്ചതിനെ തുടർന്ന് അവരെക്കൂടി താത്ക്കാലികമായി തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഉൾപ്പെടുത്താൻ കോടതി ഉത്തരവ് ഉണ്ടായി എന്നും അന്തിമ വിധിയനുസരിച്ച് മറ്റു കാര്യങ്ങൾ തീരുമാനിക്കുമെന്നും കമ്മിഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്]* എന്നാൽ അപേക്ഷകർക്കു വേണ്ട യോഗ്യത നിശ്ചയിക്കേണ്ടതിന് അധികാരപ്പെട്ട സർക്കാർ ആയത് പുനർനിർണ്ണയിച്ചത് 2019-ൽ മാത്രമായതിനാൽ അതുവരെ നിലനിന്നിരുന്ന യോഗ്യത കരസ്ഥമാക്കിയവരുടെ താത് പര്യങ്ങൾ സംരക്ഷിക്കേണ്ടതായ ബാദ്ധ്യത സർക്കാരിന്റെ മുന്നിൽ ഉണ്ട്. ആയതിനാൽ കുറിപ്പുഫയൽ നിർദ്ദേശം 14(3) അംഗീകരിക്കാവുന്നതാണ്.

4) കുറിപ്പുഫയൽ ഉത്തരവ് 17-ലേയ്ക്ക് ശ്രദ്ധ

ക്ഷണിച്ചുകൊണ്ട് ബഹു; വിദ്യാഭ്യാസ മന്ത്രിയ്ക്ക് ഫയൽ സർക്കുലേറ്റ് ചെയ്യാവുന്നതാണ്.

**03/08/2019 4:18 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #23**

**03/08/2019 5:17 PM**

**A. SHAJAHAN**
**(SECY (G.EDN))**

**Note No. #24**

കു.ഫ.ഖണ്ഡിക 14 (3) ലെ നിർദ്ദേശം (1) അംഗീകരിക്കുന്നു.

നിർദ്ദേശം (2) സംബന്ധിച്ച് RTE വകുപ്പിലെ അപ്പർ എലമെന്ററി അധ്യാപക യോഗ്യത കൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് SCERT യോട് ആവശ്യപ്പെടുക.

**05/08/2019 6:03 PM**

**PROF. C. RAVEENDRA NATH**
**(MIN (G.EDN))**

**Note No. #25**

**06/08/2019 7:58 PM**

**A. SHAJAHAN**
**(SECY (G.EDN))**

**Note No. #26**

**07/08/2019 10:03 AM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #27**
കരട് ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**07/08/2019 10:54 AM**

**GANGA G R**
**(SO (J) G.EDN)**

**Note No. #28**

**07/08/2019 4:25 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #29**

**08/08/2019 3:31 PM**

**A. SHAJAHAN**
**(SECY (G.EDN))**

**Note No. #30**

**08/08/2019 3:39 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #31**

**08/08/2019 3:59 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #32**
S/o draft covering letter to PSC submitted for approval.

**09/08/2019 12:48 PM**

**ATHIRA R NATH**
**(ASST (J3) G.EDN)**

**Note No. #33**

**09/08/2019 1:07 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #34**

**09/08/2019 4:11 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #35**

**09/08/2019 5:02 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #36**

06.06.19 ലെ സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ ( attached as link file J3/121/18) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരാകുന്നതിന് ഫിസിക്സും കെമിസ്ട്രിയും മെയിൻ ആയോ സബ്സ്ഡിയറിയായോ പഠിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു. 06.06.19 വരെ ഇത്തരത്തിൽ ബിരുദം നേടിയവരെയും ഈ തീയതിയിൽ പ്രസ്തുത കോഴ്സ് പഠിക്കുന്നവരെയും , ഈ തീയതിയിൽ 43,51എ,51 ബി അവകാശം സിദ്ധിച്ചവരെയും സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി, സ.ഉ(എം.എസ്)118/19/പൊ.വി.വ തീയതി 8-8-2019 പുറപ്പെടുവിച്ചു.എന്നാൽ ടി.ഉത്തരവിലെ അവസാന ഖണ്ഡികയിലെ ഫിസിക്സ് , കെമിസ്ട്രി എന്നിവയിലേതെങ്കിലും

ഉപവിഷയമായി പഠിച്ച് ബി.എസ്.സി ഫിസിക്സ്,കെമിസ്ട്രി എന്നീ ബിരുദം നേടിയവരെയും എന്ന ഭാഗം ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നു കാണുന്നു. അതിനാൽ ഉത്തരവിലെ മേൽ ഭാഗം ഫിസിക്സ് , കെമിസ്ട്രി എന്നിവയിലേതെങ്കിലും മുഖ്യ വിഷയമായോ ഉപവിഷയമായോ പഠിച്ച് ബിരുദം നേടിയവരെയും എന്നു ഭേദഗതി ചെയ്ത് പുതിയ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഉത്തരവിനായി.

**16/08/2019 10:03 AM**

**GANGA G R**
**(SO (J) G.EDN)**

**Note No. #37**

**16/08/2019 11:27 AM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #38**

**19/08/2019 4:44 PM**

**A. SHAJAHAN**
**(SECY (G.EDN))**

**Note No. #39**

**19/08/2019 4:52 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #40**

**20/08/2019 11:51 AM**

GANGA G R
(SO (J) G.EDN)

**Note No. #41**

മുൻ ഖണ്ഡികയിലെ ഉത്തരവിൻ പ്രകാരം കരട് ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**20/08/2019 4:13 PM**

ATHIRA R NATH
(ASST (J3) G.EDN)

**Note No. #42**

**20/08/2019 4:56 PM**

GANGA G R
(SO (J) G.EDN)

**Note No. #43**

**20/08/2019 5:18 PM**

CHITHRA.K.DIVAKARAN
(US (J) G.EDN)

**Note No. #44**

**21/08/2019 10:17 AM**

GANGA G R
(SO (J) G.EDN)

**Note No. #45**

S/o draft covering letter to PSC submitted for approval.

**21/08/2019 10:52 AM**

ATHIRA R NATH
(ASST (J3) G.EDN)

**Note No. #46**

**21/08/2019 11:03 AM**

**GANGA G R**
**(SO (J) G.EDN)**

**Note No. #47**

**21/08/2019 12:23 PM**

**CHITHRA.K.DIVAKARAN**
**(US (J) G.EDN)**

**Note No. #48**

**21/08/2019 1:25 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #49**

**21/08/2019 2:07 PM**

**ATHIRA R NATH**
**(ASST (J3) G.EDN)**

**Note No. #50**

**24/08/2019 11:00 AM**

**PRASAD J**
**(COMP-ASST (J) G.EDN)**

**Note No. #51**

File may be submitted to DS for perusal as per the orders of US.

**26/08/2019 12:58 PM**

**ATHIRA R NATH**
**(ASST (J3) G.EDN)**

**Note No. #52**

06.06.19 ലെ സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരാകുന്നതിന് ഫിസിക്സും കെമിസ്ട്രിയും മെയിൻ ആയോ സബ്സിഡിയറിയായോ പഠിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു.സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിലായി നൂറോളം കോളേജുകളിൽ മുഖ്യ വിഷയമായി ഫിസിക്സ്, കെമിസ്ട്രി എന്നിവയോടൊപ്പം മറ്റു വിഷയങ്ങളാണ് ഉപവിഷയമായി പഠിപ്പിക്കുന്നതെന്നും ഇതിനകം ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളാണ് ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ളതെന്നുംശ്രീ പി ഉബൈദുള്ള എം എൽ എ സമർപ്പിച്ച കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ ഉത്തരവ് തീയതി വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികളെ ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെ ഈ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ബഹു മന്ത്രി ഉത്തരവായിരുന്നു(നോട്ട്24).അതിൻ പ്രകാരം 06.06.19 വരെ ഫിസിക്സ് കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും ഒന്നു മാത്രം ഉപവിഷയമായി പഠിച്ച ബിഎസ് സി ഫിസിക്സ് കെമിസ്ട്രി എന്നീ ബിരുദം നേടിയവരെയും ഈ തീയതിയിൽ പ്രസ്തുത കോഴ്സ് പഠിക്കുന്നവരെയും , ഈ തീയതിയിൽ 43,51എ,51 ബി അവകാശം സിദ്ധിച്ചവരെയും സ.ഉ.(കൈ) നമ്പർ.58/19/പൊ.വി.വ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി, സ.ഉ(എം.എസ്)118/19/പൊ.വി.വ തീയതി 8-8-2019 പുറപ്പെടുവിച്ചു.ടി ഉത്തരവിൽ ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നു കണ്ടതിനാൽ 20.8.2019ൽ സ.ഉ(കൈ)നമ്പർ 128/2019/പൊവിവ പ്രകാരം ഭേദഗതി വരുത്തിയിരുന്നു എന്നാൽ ടി ഉത്തരവിൽ വീണ്ടും തെറ്റ് കടന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് സ.ഉ(എം.എസ്)118/19/പൊ.വി.വ തീയതി 8-8-2019 ലെ അവസാന ഖണ്ഡികയിലെ **ഫിസിക്സ് , കെമിസ്ട്രി എന്നിവയിലേതെങ്കിലും ഉപവിഷയമായി പഠിച്ച് ബി.എസ്.സി ഫിസിക്സ്,കെമിസ്ട്രി എന്നീ ബിരുദം നേടിയവരെയും** എന്ന ഭാഗത്തിലെ **"ഉപവിഷയമായി"** എന്ന പദം **"ഉപവിഷയമല്ലാതെ"** എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

ഉത്തരവിനായി സമർപ്പിക്കുന്നു

**26/08/2019 2:41 PM**

**CHITHRA.K.DIVAKARAN**
**(US (J) G.EDN)**

**Note No. #53**

ഈ ഫയലിലെ പ്രധാനവിഷയം 06.06.19 -നുമുമ്പ് "ഫിസിക്സ്, കെമിസ്ട്രി എന്നിവ ***ഉപവിഷയമല്ലാതെ*** ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികളെ" സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി നല്കുക എന്നതായിരുന്നു. അതനുസരിച്ചുള്ള പരിശോധനകൾക്കുശേഷം സ.ഉ(എം.എസ്)118/19/പൊ.വി.വ തീയതി 8-8-2019 പുറപ്പെട്ടുവിച്ചു എങ്കിലും അതിൽ "ഫിസിക്സ് , കെമിസ്ട്രി എന്നിവയിലേതെങ്കിലും ***ഉപവിഷയമായി പഠിച്ച്*** ബി.എസ്.സി ഫിസിക്സ്,കെമിസ്ട്രി എന്നീ ബിരുദം നേടിയവരെ ഒഴിവാക്കുന്നു" എന്ന ഉത്തരവാണ് നല്കപ്പെട്ടത്. ഈ ഉത്തരവ് ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നു കണ്ടതിനാൽ 20.8.2019ൽ സ.ഉ(കൈ)നമ്പർ 128/2019/പൊവിവ പ്രകാരം ERRATUM പുറപ്പെട്ടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിൽ "ഫിസിക്സ് , കെമിസ്ട്രി എന്നിവയിലേതെങ്കിലും മുഖ്യ വിഷയമായോ ഉപവിഷയമായോ പഠിച്ച് ബിരുദം നേടിയവരെ' ഒഴിവാക്കുന്നു എന്നുള്ള ഉത്തരവാണ് നല്കപ്പെട്ടത്. ഈ ഉത്തരവ് സർക്കാർ ഉദ്ദേശിച്ചതിന് വിരുദ്ധമായി മാറി വീണ്ടും ആശയക്കുഴപ്പം സൃഷ്ടിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

അതുകൊണ്ട്, സ.ഉ(എം.എസ്) 118/19/പൊ.വി.വ തീയതി 8-8-2019 ലെ അവസാന ഖണ്ഡികയിലെ **ഫിസിക്സ് , കെമിസ്ട്രി എന്നിവയിലേതെങ്കിലും ഉപവിഷയമായി പഠിച്ച് ബി.എസ്.സി ഫിസിക്സ്,കെമിസ്ട്രി എന്നീ ബിരുദം നേടിയവരെയും** എന്ന ഭാഗത്തിലെ ***"ഉപവിഷയമായി"*** എന്ന പദം ***"ഉപവിഷയമല്ലാതെ"*** എന്ന് തിരുത്തി വായിക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെട്ടുവിക്കാവുന്നതാണ്. ഉത്തരവിനായി,

**26/08/2019 3:13 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #54**
discuss

**27/08/2019 9:30 AM**

**A. SHAJAHAN**
**(SECY (G.EDN))**

**Note No. #55**
As discussed file resubmitted for orders on Note.53.

**01/09/2019 2:16 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #56**
agreed to

**02/09/2019 11:43 AM**

**A. SHAJAHAN**
**(SECY (G.EDN))**

**Note No. #57**

**02/09/2019 12:17 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #58**

**02/09/2019 12:18 PM**

**CHITHRA.K.DIVAKARAN**
**(US (J) G.EDN)**

**Note No. #59**

**02/09/2019 4:45 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #60**

മേൽ ഉത്തരവിൻ പ്രകാരം തയ്യാറാക്കിയ കരട് ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**04/09/2019 1:42 PM**

**ATHIRA R NATH**
**(ASST (J3) G.EDN)**

**Note No. #61**

**07/09/2019 4:00 PM**

**GANGA G R**
**(SO (J) G.EDN)**

**Note No. #62**

DS may kindly approve the errattum

**17/09/2019 1:19 PM**

**CHITHRA.K.DIVAKARAN**
**(US (J) G.EDN)**

**Note No. #63**

Please verify any further petition in this regard is forthcoming from those who possess the requirement in GO(Ms)58/19.

**11/10/2019 3:50 PM**

**ANIL KUMAR S.V.**
**(DS (J) G.EDN)**

**Note No. #64**

**14/10/2019 10:52 AM**

CHITHRA.K.DIVAKARAN
(US (J) G.EDN)

**Note No. #65**

**14/10/2019 10:58 AM**

GANGA G R
(SO (J) G.EDN)

**Note No. #66**

<u>ചംക്രമണ കുറിപ്പ്</u>

06.06.19 ലെ സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരാകുന്നതിന് ഫിസിക്സും കെമിസ്ട്രിയും മെയിൻ ആയോ സബ്സിഡിയറിയായോ പഠിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു.

മേൽ ഉത്തരവ് തീയതി വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികളെ ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെ ഈ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ബഹു മന്ത്രി ഉത്തരവായിരുന്നു(നോട്ട്24).അതിൻ പ്രകാരം 06.06.19 വരെ ഫിസിക്സ് കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും ഒന്നു മാത്രം ഉപവിഷയമായി പഠിച്ച ബിഎസ് സി ഫിസിക്സ് കെമിസ്ട്രി എന്നീ ബിരുദം നേടിയവരെയും ഈ തീയതിയിൽ പ്രസ്തുത കോഴ്സ് പഠിക്കുന്നവരെയും , ഈ തീയതിയിൽ 43,51എ,51 ബി അവകാശം സിദ്ധിച്ചവരെയും സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി, സ.ഉ(എം.എസ്)118/19/പൊ.വി.വ തീയതി 8-8-2019 പുറപ്പെടുവിച്ചു.

അതിൽ "ഫിസിക്സ് , കെമിസ്ട്രി എന്നിവയിലേതെങ്കിലും ഉപവിഷയമായി പഠിച്ച് ബി.എസ്.സി ഫിസിക്സ്,കെമിസ്ട്രി എന്നീ ബിരുദം നേടിയവരെ ഒഴിവാക്കുന്നു" എന്ന ഉത്തരവാണ് നല്കപ്പെട്ടത്. ഈ ഉത്തരവ് ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നു കണ്ടതിനാൽ 20.8.2019ൽ സ.ഉ(കൈ)നമ്പർ 128/2019/പൊവിവ പ്രകാരം ERRATUM പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിലും ഫിസിക്സ് , കെമിസ്ട്രി എന്നിവയിലേതെങ്കിലും മുഖ്യ വിഷയമായോ ഉപവിഷയമായോ പഠിച്ച് ബിരുദം നേടിയവരെ" ഒഴിവാക്കുന്നു എന്നുള്ള ഉത്തരവാണ് നല്കപ്പെട്ടത്. ഈ ഉത്തരവ് സർക്കാർ ഉദ്ദേശിച്ചതിന് വിരുദ്ധമായി മാറി വീണ്ടും ആശയക്കുഴപ്പം സൃഷ്ടിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് സ.ഉ(എം.എസ്) 118/19/പൊ.വി.വ തീയതി 8-8-2019 ലെ അവസാന ഖണ്ഡികയിലെ ഫിസിക്സ് , കെമിസ്ട്രി എന്നിവയിലേതെങ്കിലും ഉപവിഷയമായി പഠിച്ച് ബി.എസ്.സി

ഫിസിക്സ്,കെമിസ്ട്രി എന്നീ ബിരുദം നേടിയവരെയും എന്ന ഭാഗത്തിലെ 'ഉപവിഷയമായി' എന്ന പദം 'ഉപവിഷയമല്ലാതെ' എന്ന് തിരുത്തി വായിക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്ന് ഉത്തരവാകുകയുണ്ടായി.

എന്നാൽ എച്ച് എസ് എ (ഫിസിക്കൽ സയൻസ്) എന്ന വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർ ഹൈ സ്കൂൾ ക്ലാസ്സുകളിൽ ഫിസിക്സും കെമിസ്ട്രിയും പഠിപ്പിക്കേണ്ടവരായതിനാൽ ഈ വിഷയങ്ങൾ പ്രാക്ടിക്കൽ അടിസ്ഥാനത്തിൽ ഫലപ്രദമായി കുട്ടികളിലേക്ക് എത്തിക്കേണ്ട അധ്യാപകർ ബിരുദതലത്തിൽ ഈ രണ്ടു വിഷയങ്ങളും പഠിച്ചവരായിരിക്കണമെന്ന വസ്തുതയാണ് 58/19 ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയതെന്നും എന്നാൽ ഇതിന്റെ ഭേദഗതി ഉത്തരവുകൾ ഇവ രണ്ടും ഒരുമിച്ച് പഠിക്കാത്തവരെ ഉൾപെടുത്തുന്നതാണെന്നും ഫിസിക്സും കെമിസ്ട്രിയും പഠിച്ച് ഫിസിക്കൽ സയൻസിൽ Bed ഉം നേടിയ നിരവധി ഉദ്യോഗാർത്ഥികൾ കേരളത്തിൽ ഉണ്ടായിരിക്കവേ അവരെ പരിഗണിച്ചതിന് ശേഷം മാത്രമേ ഇവ രണ്ടും ഒരുമിച്ച് പഠിക്കാത്തവരെ പരിഗണിക്കാവൂ എന്ന് അപേക്ഷിച്ചുകൊണ്ടുള്ള നിവേദനങ്ങളും സെക്ഷനിൽ ലാഭിക്കുന്നുണ്ട്.

ടി സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനായി ഫയൽ ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് അയക്കാവുന്നതാണ്.

**29/10/2019 1:07 PM**

**ATHIRA R NATH**
**(ASST (J3) G.EDN)**

സെക്ഷൻ ഓഫീസർ

അനുബന്ധം - II

(1)

എച്ച്3/28087/19/ഡിപിഐ

## കുറിപ്പുകൾ

വിഷയം:- എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്കുള്ള യോഗ്യത ഉത്തരവ് - സംബന്ധിച്ച്

1) സർക്കാർ കത്ത് ദയവായി കണ്ടാലും. താഴെ പറയുന്ന വസ്തുതകൾ കണക്കിലെടുത്ത് റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിരിക്കുന്നു.

(a) നാളിതുവരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിച്ച് ഫിസിക്കൽ സയൻസിൽ ബിഎഡ് നേടിയ വിദ്യാർത്ഥികൾ, [illegible] 43 അവകാശികൾ എന്നിവരെ 6.6.19 ലെ സ.ഉ.(കൈ)നം. 58/19/പൊ.വി.വ. പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതുണ്ടോ?

(b) ബിഎഡ് ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് പ്രവേശനം നൽകുന്ന വേളയിൽ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമായി ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ ചെയ്തവരെ മാത്രമേ കേരളത്തിലെ എയ്ഡഡ്/സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിക്കൂ എന്ന നിർദേശം നൽകുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദേശം നൽകാമോ?

ഈ ഫയൽ ബന്ധപ്പെട്ട നക്കൽ ഉത്തരവിനായി സമർപ്പിക്കുന്നു

Sd/
26/7/19

2) 6-6-2019 വരെ ഫിസിക്സ്/കെമിസ്ട്രി
ഉപവിഷയങ്ങളായുള്ളതല്ലാത്ത B.Sc (Physics)
ബിരുദം നേടിയവരെയും, ഈ തീയതി
യിൽ ടി കോഴ്സിന് പഠിക്കുന്നവരെയും,
ഈ തീയതിയിൽ 43, 51A, 51B അവകാശം
സിദ്ധിച്ചവരെയും, ഉത്തരവിന്റെ
പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നും,
B.Ed (PS) ടിയെടുത്ത സമയത്ത് Physics,
Chemistry എന്നിവ ഉപവിഷയങ്ങളായി
പഠിച്ചവർക്ക് മാത്രമേ
B.Ed യോഗ്യത HST (PS) ആകാൻ കഴിയൂ
എന്ന് പരീക്ഷാഭവനെ അറിയിക്കണമെന്നും
ശുപാർശ നൽകുന്നതാണ്.

(signature) 28/3/..

DGE.

File No.GEDN-J3/157/2019-G.EDN

28087

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

നമ്പർ.ജെ3/157/2019/പൊ.വി.വ 25/07/2019,തിരുവനന്തപുരം

26 JUL 2019

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി,
തിരുവനന്തപുരം

സർ,

വിഷയം:- പൊ.വി.വ - എച്ച്.എസ്. എ ഫിസിക്കൽ സയൻസ് തസ്തികയിലേക്കുള്ള യോഗ്യതാ ഉത്തരവ് - പുനർ പരിശോധിക്കുന്നത് - സംബ

സൂചന:- 1. 06.06.2019 ലെ സ.ഉ.(കൈ)നമ്പർ.58/19/പൊ.വി.വ

2. ശ്രീ പി ഉബൈദുള്ള എം.എൽ.എ, ഫിസിക്കൽ സയൻസ് പ്രമോഷൻ കൂട്ടായ്മയുടെ സെക്രട്ടറി തുടങ്ങിയവർ സമർപ്പിച്ച നിവേദനങ്ങൾ

സൂചന നിവേദനങ്ങളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയതിന്മേൽ ചുവടെ പരാമർശിക്കുന്ന വസ്തുതകൾ കൂടി കണക്കിലെടുത്തുകൊണ്ടു വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നു:-

(1) നാളിതുവരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ, റൂൾ 43 അവകാശികൾ എന്നിവരെ സൂചന (1) ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതുണ്ടോ?

(2)ബി.എഡ് ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് പ്രവേശനം നൽകുന്ന വേളയിൽ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമായി ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ ചെയ്തവരെ മാത്രമേ കേരളത്തിലെ എയ്ഡഡ്/ സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിക്കൂ എന്ന നിർദേശം നൽകുന്നതിനു ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നല്കാമോ?

വിശ്വസ്തതയോടെ,
ANIL KUMAR S.V.
DEPUTY SECRETARY
സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**P. UBAIDULLA**
(MALAPPURAM)
MEMBER
KERALA LEGISLATIVE ASSEMBLY
ANAKKAYAM P. O.
MALAPPURAM
PIN-676 509

PHONE: RESI: 0483-2848121
THIRUVANANTHAPURAM : 0471-2512302
MOBILE : 9443353079
PERIYAR BLOCK-104
M.L.A. QUARTERS
E-mail: malappuram-mla@niyamasabha.org
തിരുവനന്തപുരം,

3

സെക്രട്ടറി
പൊതു വിദ്യാഭ്യാസം
പരിശോധിച്ച് ആവശ്യമായ
നടപടി സ്വീകരിക്കുക

CAMP 04.07.2019
DATE

PU/01/2019/TVM/CM

G19070 1575

പിണറായി വിജയൻ
മുഖ്യമന്ത്രി

ബഹു. മുഖ്യമന്ത്രി ,

വിഷയം : എച്ച്.എസ്.എ ഫിസിക്കൽ സയൻസ്- യോഗ്യത ഭേദഗതി വരുത്തി ഇറക്കിയ സർക്കാർ ഉത്തരവ് പുനഃപരിശോധിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന : 1.സ .ഉ (കൈ) നമ്പർ58/2019 പൊ.വി.വ. തിയ്യതി 06.06.2019
2.ജി .ഒ (കൈ) നമ്പർ73/2019 പൊ.വി.വ. തിയ്യതി 26.06.2019
3.എച്ച്.എസ്.എ ഫിസിക്കൽ സയൻസ് അധ്യാപകരുടെയും ഉദ്യോഗാർത്ഥികളുടെയും വിവിധ പരാതികൾ

കേരളത്തിലെ നൂറിലധികം കോളേജുകളിൽ ബി.എസ്.സി ഫിസിക്സ്/ കെമിസ്ട്രി എന്നിവയ്ക്ക് ഉപവിഷയമായി കമ്പ്യൂട്ടർ സയൻസ്, മാത്സ്, എന്നീ വിഷയങ്ങളാണ് പഠിപ്പിക്കുന്നത്. പ്രസ്തുത വിഷയങ്ങൾ പഠിച്ച അധ്യാപകരും ഉദ്യോഗാർത്ഥികളുമായി നിരവധിപേർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഐ.ടി. മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകൾ ഐ.ടി/കമ്പ്യൂട്ടർ എന്നിവ ഉപവിഷമമായി കോളേജുകളിൽ പഠിപ്പിക്കുന്നത്. സ്കൂളുകളിലെ ഐ.ടി വ്യാപനത്തിന് ഈ കോഴ്സ് ഒരു പരിധി വരെ സഹായകമായിട്ടുണ്ട്.

എന്നാൽ കഴിഞ്ഞ എട്ട് വർഷമായി ബി.എസ്.സി ഫിസിക്സ് / കെമിസ്ട്രി എന്നിവ മുഖ്യവിഷയമായി പഠിച്ച കേരളത്തിലെ ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ നിഷേധാത്മകവും നിയമവിരുദ്ധവുമായ നിലപാട് കൊണ്ട് വളരെയധികം ബുദ്ധിമുട്ടുകയാണ്. ഡിഗ്രിയും ബി.എഡും കഴിഞ്ഞ അധ്യാപക തസ്തികയിൽ ജോലി പ്രതീക്ഷിച്ച് കഴിയുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ ഭാവി ഇരുളടഞ്ഞതാക്കിയിരി ക്കുകയാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

എയ്ഡഡ് ഹൈസ്കൂളുകളിൽ ജോലി നേടുന്നവർക്ക് ഉപവിഷയം സംബന്ധിച്ച് ഒരു പ്രശ്നവുമില്ലന്നിരിക്കെയാണ് സർക്കാർ ജോലിക്കായി പരിശ്രമിക്കുന്ന നിർധനരും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2013 മുതൽ അയോഗ്യരാക്കി വേട്ടയാടുന്നതും അനാവശ്യ വ്യവഹാരങ്ങളിലേക്ക് വലിച്ചിഴക്കുന്നതും. സർക്കാർ ജോലി

ലഭിക്കണമെങ്കിൽ പിന്നാക്ക വിഭാഗക്കാരും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ടവരും ലക്ഷങ്ങൾ ചിലവഴിച്ച് കേസ് നടത്തണമെന്ന അതീവഗുരുതരമായ സ്ഥിതിവിശേഷമാണ് ഇപ്പോൾ കേരളത്തിൽ ഉള്ളത്.

ഇതിനിടയിലാണ് സൂചന ഒന്ന് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് 58/2019 ഉത്തരവിലൂടെ HST ഫിസിക്കൽ സയൻസ് തസ്തികയ്ക്ക് മെയിൻ ആയോ ഉപവിഷയമായോ ഫിസിക്സ്, കെമിസ്ട്രി പഠിച്ചിരിക്കണമെന്ന് ഉത്തരവ് ഇറക്കിയത്. പിന്നീട് ഇതിൽ വ്യക്തത വരുത്തി സൂചന രണ്ട് പ്രകാരം 26-06-2019-ന് 73/2019 നമ്പർ ഉത്തരവിലൂടെ "2016 ലെ പി.എസ്.സി നോട്ടിഫിക്കേഷൻ പ്രകാരം പരീക്ഷ എഴുതിയ HST ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് അപേക്ഷിച്ച് പലരുടെയും അപേക്ഷകൾ ഫിസിക്സ്, കെമിസ്ട്രി എന്ന രണ്ട് വിഷയങ്ങളും പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിക്കപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വന്നിട്ടുള്ള ആശയക്കുഴപ്പം പരിഹരിക്കുന്നതിനായി മേൽ പരാമർശിച്ച ഉത്തരവിന് 06-06-2019 മുതൽ മാത്രമാണ് പ്രാബല്യം ഉള്ളതെന്ന്" വ്യക്തത വരുത്തി. <u>ഇത് Bsc. ഫിസിക്സ്/ കെമിസ്ട്രി എന്നിവക്ക് ഉപവിഷയമായി മറ്റു വിഷയങ്ങൾ പഠിച്ചവരെ പ്രതികൂലമായി ബാധിക്കും.</u>

CMO19016178

ഉന്നത വിദ്യാഭ്യാസ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ വിവിധ കാലയളവിലെ ഉത്തരവുകൾക്ക് വിരുദ്ധമായാണ് ഇപ്പോൾ ഉണ്ടായിട്ടുള്ള സർക്കാർ ഉത്തരവ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ മാത്രം 72 കോളേജുകളിലും മറ്റു വിവിധ സർവ്വകലാശാലകളുടെ കീഴിലായി നൂറോളം കോളേജുകളിലും മുഖ്യ വിഷയമായി ഫിസിക്സ്/ കെമിസ്ട്രി എന്നിവയോടൊപ്പം മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, ഐ.ടി തുടങ്ങി മറ്റു വിഷയങ്ങളാണ് ഉപവിഷയമായി പഠിപ്പിക്കുന്നത്. B.Ed ഫിസിക്കൽ സയൻസ് ഉപവിഷയം പരിഗണിക്കാതെയാണ് 20-11-2014 ലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 2748/2014 പ്രകാരം പ്രവേശനം നൽകുന്നത്. ഇതിനകം ആയിരക്കണത്തിന് ഉദ്യോഗാർത്ഥികളാണ് ഫിസികസ്/ കെമിസ്ട്രി എന്നിവ ഉപവിഷയമല്ലാതെ BSc ഫിസിക്സ്/ കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ B.Ed നേടുകയും ചെയ്തിട്ടുള്ളത്. കൂടാതെ വിവിധ ഉത്തരവുകളിലൂടെ BSc. കെമിസ്ട്രി, ഇൻഡസ്ട്രിയൽ കെമിസ്ട്രി തുടങ്ങിയ വിവിധ വിഷയങ്ങൾ HSA ഫിസിക്കൽ സയൻസിന്റെ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

മുഖ്യവിഷയമായോ ഉപവിഷയമായോ പഠിക്കാത്ത പലവിഷയങ്ങളും ഫിസിക്കൽ സയൻസ് ഒഴികെയുള്ള മറ്റു വിഷയങ്ങളിൽ അധ്യാപകർ ഹൈസ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ട്. പി.എസ്.സി നടത്തുന്ന പരീക്ഷയിൽ ഒരു നിശ്ചിത കട്ട്ഓഫ് മാർക്കിന് മുകളിലുള്ള ആളുകളെയാണ് ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി നിയമനത്തിന് പരിഗണിക്കുന്നത്. ഫിസ്ക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമായി പഠിച്ചവരേക്കാൾ കൂടുതൽ മാർക്ക് വാങ്ങിയാണ് പലരും ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നത്. ഒരു തസ്തികയിലേക്കുള്ള വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവ നിശ്ചയിക്കാനുള്ള അധികാരം പൂർണമായും സർക്കാരിൽ നിക്ഷിപ്തമാണെന്നിരിക്കെ ഇതിന് വിരുദ്ധമായാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ HSA ഫിസിക്കൽ സയൻസ് വിഷയത്തിൽ പ്രവർത്തിച്ചിട്ടുള്ളത്.

2019 ജൂണിൽ നൂറുകണക്കിന് ഉദ്യോഗാർത്ഥികൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചു. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി അഭിമുഖത്തിന്

ക്ഷണിക്കണമെന്ന് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പത്തോളം കേസുകളിൽ ഇടക്കാല ഉത്തരവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 26-06-2019 ന്റെ ഉത്തരവ് ഉണ്ടായിട്ടും പി.എസ്.സി ഇതൊന്നും പരിഗണിക്കാതെ മുന്നോട്ടുപോവുകയാണ്.

ഈ സാഹചര്യത്തിൽ അടിയന്തിരമായി അങ്ങ് ഈ വിഷയത്തിൽ ഇടപെടണമെന്നും ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും തകർക്കുകയും ജീവിതത്തിൽ കരിനിഴൽ വീഴ്ത്തുകയും ചെയ്യു 06-06-2019 ലെ ഉത്തരവ് റദ്ദാക്കുന്നതിനും പി.എസ്.സി യുടെ 2016 ലെ 227/2016 ലെ വിജ്ഞാപനം അനുസരിച്ച് BSc. ഫിസിക്സ്/കെമിസ്ട്രി എന്നിവ മുഖ്യവിഷയമായി പഠിച്ചവരെ ഉപവിഷയം പരിഗണിക്കാതെ മാർക്ക് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നിലവിലുള്ള അധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള യോഗ്യതയായി പരിഗണിക്കുന്നതിനും താല്പര്യപ്പെടുന്നു.

സ്നേഹപൂർവ്വം

(ഒപ്പ്)

പി. ഉബൈദുള്ള

ശ്രീ . പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

## Grievance History List

Office of the Chief Minister

2019-07-07 21:34:06.0

Forward From CM Office>>A SHAJAHAN Secretary- General Education Department(GEDU)

A SHAJAHAN Secretary- General Education Department(GEDU)

2019-07-11 18:42:36.0

Forward To Section Office>>GANGA. G. R. Secretary- General Education Department(GEDU)


Downloaded by: GANGA. G. R., Section Officer (Secretariat)

File No. GEDN-J3/157/2019-G.EDN (Computer No: 1251110) 4 5

Receipt No : 3662475/2019/G.EDN

പ്രേഷകൻ,

സെക്രട്ടറി
ഫിസിക്കൽ സയൻസ് (പ്രൊമോഷൻ) കൂട്ടായ്മ
സുൽഫിക്കർ അലി കെ. കൈനോട്ട് ഹൗസ്,
ഇരുവേറ്റി പി.ഒ., മലപ്പുറം ജില്ല,
പിൻ: 673 639. ഫോൺ: 97

സ്വീകർത്താവ്,

ബഹു. കെ ടി ജലീൽ
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി കേരള

OFFICE OF THE MINISTER FOR H.Edn. MIN. WAQF & HAJ

വിഷയം:- ഫിസിക്കൽ സയൻസ് സബ്: കമ്പ്യൂട്ടർ അപ്ലിക്കേഷൻ ഉള്ള അധ്യാപകർക്ക് UP യിൽ നിന്ന് ഹൈസ്കൂളിലേക്ക് (Aided) പ്രോമോഷനുമായി ബന്ധപ്പെട്ട്

സർ,

ഞങ്ങൾ വർഷങ്ങളായി എയ്ഡഡ് സ്കൂളിൽ UPST തസ്തികയിൽ അപ്രൂവൽ നേടി ജോലി ചെയ്യുന്നവരാണ്. നീണ്ട കാത്തിരിപ്പിനൊടുവിൽ ഈ വർഷം ഹൈസ്കൂളിലേക്ക് പ്രോമോഷന് അർഹതയുള്ളവരുമാണ്.

എന്നാൽ 6-6-2019 ന് സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരം (ജി.ഒ.കെ. നമ്പർ 58/2019/പൊ.വി.വ) കമ്പ്യൂട്ടർ അപ്ലിക്കേഷൻ സബ്സിഡിയറിയായി പഠിച്ചവർക്ക് പ്രോമോഷന് അർഹതയില്ലെന്നറിയുന്നു. (പക്ഷെ, ആ ഓർഡറിൽ പ്രോമോഷൻ സംബന്ധമായി പ്രതിപാദിക്കുന്നില്ല.) ആയതിനാൽ പ്രോമോഷൻ ലഭ്യമാകുന്നതിലേക്ക് നിലവിലുള്ള ഓർഡറിന്റെ സ്പഷ്ടീകരണം നൽകുകയും, ഈ വർഷത്തെ ഞങ്ങളുടെ നിയമനം അംഗീകരിക്കുന്നതിന് കാലാവധി അനുവദിച്ചു കൊണ്ട് പ്രശ്നം പരിഹരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

Enclosure.

എന്ന്,

1. GO No 58/2019 G.edn. Dated 6/6/2019
2. GO No 73/2019 G.edn Dated 26/6/2019
3. University Certificate. (Calicut)

സുൽഫിക്കർ അലി. കെ

വിസ്മ ഹരി

രാജ്മോഹൻ KN

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊവിവ-എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേയ്ക്കുള്ള നിയമനം-യോഗ്യത -നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.58/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 06/06/2019

---

പരാമർശം:- 1 എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 11-6-2018 ലെ പ്രോഗ്രാം 2/1647/18/

എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

<u>ഉത്തരവ്</u>

എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യതയായി ബിരുദ തലത്തിൽ മുഖ്യവിഷയമായ ഫിസിക്സ്/കെമിസ്ട്രി എന്നിവയോടൊപ്പം സബ്സിഡയറി വിഷയങ്ങളായ സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ഇലക്ട്രോണിക്സ്, മാത്തമാറ്റിക്സ് ഇടങ്ങിയ വിഷയങ്ങൾ ഉൾപ്പെടെയുള്ള ബിരുദം കൂടി പരിഗണക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം എസ്.സി.ഇ.ആർ.ടി യുമായി ബന്ധപ്പെട്ട് വിശദമായി പരിശോധിച്ചു.

ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതെങ്കിലും ഒന്ന് മുഖ്യവിഷയമായും അതിലേതെങ്കിലും ഒന്ന് സബ്സിഡിയറിയായും ബിരുദം നേടിയവരാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) അദ്ധ്യാപകരായി നിയമിതരാകുന്നതും ഹൈസ്കൂൾ ക്ലാസ്സുകളിൽ ഫിസിക്സ്, കെമിസ്ട്രി എന്നി വിഷയങ്ങൾ പഠിപ്പിക്കുന്നതും. എന്നാൽ ബിരുദതലത്തിൽ ഫിസിക്സ്, കെമിസ്ട്രി ഇവയിൽ ഏതെങ്കിലും ഒന്ന് മെയിനായും എന്നാൽ കെമിസ്ട്രി മെയിനിനോടൊപ്പം ഫിസിക്സോ ഫിസിക്സ് മെയിനിനോടൊപ്പം സബ്സിഡിയറിയായി കെമിസ്ട്രിയോ ഇല്ലാതെ പകരം സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ഇലക്ട്രോണിക്സ്, മാത്തമാറ്റിക്സ് ഇടങ്ങിയ ഏതെങ്കിലും വിഷയങ്ങളോടെയും ബിരുദം നേടിയവർക്ക് ഹൈസ്കൂൾ ക്ലാസ്സുകളിലെ ഫിസിക്സ്, കെമിസ്ട്രി എന്നി രണ്ടു വിഷയങ്ങളും ഒരേസമയം ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുണ്ട്.

ഫിസിക്സ് / കെമിസ്ട്രി ബിരുദതലത്തിൽ മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി / ഫിസിക്സ് സബ്സിഡയറിയായും പഠിച്ചിട്ടില്ലാത്തവർക്ക് ആ വിഷയങ്ങൾ രണ്ടും ഹൈസ്കൂൾ ക്ലാസ്സുകളിൽ കാര്യക്ഷമമായി പഠിപ്പിക്കാനാവില്ല. ആയതിനാൽ ഫിസിക്സ് / കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി / ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഇതിനകം നിയമിതരായ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഈ ഉത്തരവ് ബാധകമായിരിക്കില്ല.

കേരള സർക്കാർ

സംഗ്രഹം

പൊവിവ-എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) യോഗ്യത ഭേദഗതി-പ്രാബല്യ തീയതി വ്യക്തമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

ജി.ഒ (കൈ) നം.73/2019/പൊവിവ — തീയതി, തിരുവനന്തപുരം, 25/06/2019

പരാമർശം:- സ.ഉ (കൈ) നം. 58/2019/പൊവിവ തീയതി 06-06-2019

## ഉത്തരവ്

ഫിസിക്സ്/കെമിസ്ട്രി മെയിൻ ആയും അതോടൊപ്പം ഫിസിക്സ്/കെമിസ്ട്രി സബ്സിഡിയറി യായും ബിരുദം നേടിയവരെ മാത്രം കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് മേൽ പരാമർശം പ്രകാരം ഉത്തരവായിരുന്നു. ഇതിനകം നിയമിതരായ സർക്കാർ/എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്ക് ഈ ഉത്തരവ് ബാധകമായിരിക്കില്ലെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരുന്നു.

എന്നാൽ 2016-ലെ പി.എസ്.സി നോട്ടിഫിക്കേഷൻ പ്രകാരം എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് അപേക്ഷിച്ച് പരീക്ഷയെഴുതിയ പലരുടെയും അപേക്ഷകൾ അവർ ഫിസിക്സ്, കെമിസ്ട്രി എന്ന രണ്ടു വിഷയങ്ങളും പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിക്കപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വന്നിട്ടുള്ള ആശയക്കുഴപ്പം പരിഹരിക്കുന്നതിനായി മേൽ പരാമർശിച്ച ഉത്തരവിന് 06/06/2019 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്നു വ്യക്തമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.വി. അനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ. എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിപിഐ മുഖേന)
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സെക്രട്ടറിയുടെ പി.എ ക്ക്.
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. GEDN-J3/157/2019-G.EDN (Computer No. 1251110 )
Receipt No : 3662475/2019/G.EDN

# UNIVERSITY OF CALICUT

No. 124474/GA IV J2/2014/Admn

13.11.2014.

## CERTIFICATE

This is to certify that candidates with B.Sc. in Physics/ Chemistry or equivalent as core subjects are eligible to join for B.Ed. in Physical Science irrespective of the Complementary Courses studied by them.

This certificate is issued for the purpose of admission to B.Ed. course.

Deputy Registrar (G&A IV Branch)
for REGISTRAR

To

Safoora P

CM 19070004

OFFICE OF THE CHIEF MINISTER
03 JUL 2019
KERALA, THIRUVANANTHAPURAM

അപേക്ഷകൻ,

സെക്രട്ടറി
ഫിസിക്കൽ സയൻസ് (പ്രോമോഷൻ) കൂട്ടായ്മ
സുൽഫിക്കർ അലി കെ. കൈനോട്ട് ഹൗസ്, എളയൂർ.
ഇരുവേറ്റി പി.ഒ., മലപ്പുറം ജില്ല,
പിൻ: 673 639. ഫോൺ: 9745167074.

പൊതു വിദ്യാഭ്യാസ സെക്രട്ടറി
പരിശോധിക്കുക

പിണറായി വിജയൻ
മുഖ്യമന്ത്രി

സ്വീകർത്താവ്,

ബഹു. പിണറായി വിജയൻ
ബഹു. കേരള മുഖ്യമന്ത്രി

വിഷയം:- ഫിസിക്കൽ സയൻസ് സബ്: കമ്പ്യൂട്ടർ അപ്ലിക്കേഷൻ ഉള്ള അധ്യാപകർക്ക് UP യിൽ നിന്ന് ഹൈസ്കൂളിലേക്ക് (Aided) പ്രോമോഷനുമായി ബന്ധപ്പെട്ട്

CMO19015720

സർ,

ഞങ്ങൾ വർഷങ്ങളായി എയ്ഡഡ് സ്കൂളിൽ UPST തസ്തികയിൽ അപ്രൂവൽ നേടി ജോലി ചെയ്യുന്നവരാണ്. നീണ്ട കാത്തിരിപ്പിനൊടുവിൽ ഈ വർഷം ഹൈസ്കൂളിലേക്ക് പ്രോമോഷന് അർഹതയുള്ളവരുമാണ്.

എന്നാൽ 6-6-2019 ന് സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരം (ജി.ഒ.കെ. നമ്പർ 58/73/2019/പൊ.വി.വ) കമ്പ്യൂട്ടർ അപ്ലിക്കേഷൻ സബ്സിഡിയറിയായി പഠിച്ചവർക്ക് പ്രോമോഷന് അർഹതയില്ലെന്നറിയുന്നു. (പക്ഷെ, ആ ഓർഡറിൽ പ്രോമോഷൻ സംബന്ധമായി പ്രതിപാദിക്കുന്നില്ല.) ആയതിനാൽ പ്രോമോഷൻ ലഭ്യമാകുന്നതിലേക്ക് നിലവിലുള്ള ഓർഡറിന്റെ സ്പഷ്ടീകരണം നൽകുകയും, ഈ വർഷത്തെ ഞങ്ങളുടെ നിയമനം അംഗീകരിക്കുന്നതിന് കാലാവധി അനുവദിച്ചു കൊണ്ട് പ്രശ്നം പരിഹരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എന്ന്,

രാജ്മോഹൻ KN
ഹസീന [illegible]
സുൽഫിക്കർ അലി. കെ

Enclosure:

1. GO NO 58/2019 Gedn Dated 6/6/2019
2. GO No 73/2019 Gedn Dated 26/6/2019
3. calicut University Certificate

File No.GEDN-J3/121/2018-G.EDN

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊവിവ-എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേക്കുള്ള നിയമനം-യോഗ്യത -നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.58/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 06/06/2019

---

പരാമർശം:- 1 എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 11-6-2018 ലെ പ്രോഗ്രാം 2/1647/18-

എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

<u>ഉത്തരവ്</u>

എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യതയായി ബിരുദ തലത്തിൽ മുഖ്യവിഷയമായ ഫിസിക്സ്/കെമിസ്ട്രി എന്നിവയോടൊപ്പം സബ്സിഡിയറി വിഷയങ്ങളായ സ്റ്റാറ്റിസ്റ്റിക്സ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ഇലക്ട്രോണിക്സ്, മാത്തമാറ്റിക്സ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടെയുള്ള ബിരുദം കൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം എസ്.സി.ഇ.ആർ.ടി യുമായി ബന്ധപ്പെട്ട് വിശദമായി പരിശോധിച്ചു.

ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതെങ്കിലും ഒന്ന് മുഖ്യവിഷയമായും മറ്റേതെങ്കിലും ഒന്ന് സബ്സിഡിയറിയായും ബിരുദം നേടിയവരാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) അദ്ധ്യാപകരായി നിയമിതരാകുന്നതും ഹൈസ്കൂൾ ക്ലാസ്സുകളിൽ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതും. എന്നാൽ ബിരുദതലത്തിൽ ഫിസിക്സ്, കെമിസ്ട്രി ഇവയിൽ ഏതെങ്കിലും ഒന്ന് മെയിനായും എന്നാൽ കെമിസ്ട്രി മെയിനിനോടൊപ്പം ഫിസിക്സോ ഫിസിക്സ് മെയിനിനോടൊപ്പം സബ്സിഡിയറിയായി കെമിസ്ട്രിയോ ഇല്ലാതെ പകരം സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ഇലക്ട്രോണിക്സ്, മാത്തമാറ്റിക്സ് തുടങ്ങിയ ഏതെങ്കിലും വിഷയങ്ങളോടെയും ബിരുദം നേടിയവർക്ക് ഹൈസ്കൂൾ ക്ലാസ്സുകളിലെ ഫിസിക്സ്, കെമിസ്ട്രി എന്നീ രണ്ടു വിഷയങ്ങളും ഒരേസമയം ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നു.

ഫിസിക്സ് / കെമിസ്ട്രി ബിരുദതലത്തിൽ മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി / ഫിസിക്സ് സബ്സിഡിയറിയായും പഠിച്ചിട്ടില്ലാത്തവർക്ക് ആ വിഷയങ്ങൾ രണ്ടും ഹൈസ്കൂൾ ക്ലാസ്സുകളിൽ കാര്യക്ഷമമായി പഠിപ്പിക്കാനാവില്ല. ആയതിനാൽ ഫിസിക്സ് / കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി / ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഇതിനകം നിയമിതരായ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഈ ഉത്തരവ് ബാധകമായിരിക്കില്ല.

File No.GEDN-J3/121/2018-G.EDN

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്.നജീബ്
ജോയിൻറ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ. എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിപിഐ മുഖേന)

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

ഡയറക്ടർ (വെബ് & ന്യൂ മീഡിയ) പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സെക്രട്ടറിയുടെ പി.എ ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**File No. GEDN-J3/157/2019-G.EDN (Computer No. 1251110 )**
**Receipt No : 3666830/2019/G.EDN (J)**

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊവിവ-എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) യോഗ്യത ഭേദഗതി-പ്രാബല്യ തീയതി വ്യക്തമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

ജി.ഒ (കൈ) നം.73/2019/പൊവിവ — തീയതി, തിരുവനന്തപുരം, 26/06/2019

---

പരാമർശം:- സ.ഉ (കൈ) നം. 58/2019/പൊവിവ തീയതി 06-06-2019

<u>ഉത്തരവ്</u>

ഫിസിക്സ്/കെമിസ്ട്രി മെയിൻ ആയും അതോടൊപ്പം ഫിസിക്സ്/കെമിസ്ട്രി സബ്സിഡിയറി യായും ബിരുദം നേടിയവരെ മാത്രം കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് മേൽ പരാമർശം പ്രകാരം ഉത്തരവായിരുന്നു. ഇതിനകം നിയമിതരായ സർക്കാർ/എയ്ഡഡ് സ്കൂളിലെ അധ്യാപകർക്ക് ഈ ഉത്തരവ് ബാധകമായിരിക്കില്ലെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരുന്നു.

എന്നാൽ 2016-ലെ പി.എസ്.സി നോട്ടിഫിക്കേഷൻ പ്രകാരം എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് അപേക്ഷിച്ച് പരീക്ഷയെഴുതിയ പലരുടെയും അപേക്ഷകൾ അവർ ഫിസിക്സ്, കെമിസ്ട്രി എന്ന രണ്ടു വിഷയങ്ങളും പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിക്കപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വന്നിട്ടുള്ള ആശയക്കുഴപ്പം പരിഹരിക്കുന്നതിനായി മേൽ പരാമർശിച്ച ഉത്തരവിന് 06/06/2019 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്നു വ്യക്തമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.വി. അനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ. എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിപിഐ മുഖേന)
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സെക്രട്ടറിയുടെ പി.എ ക്ക്.
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

9

UNIVERSITY OF CALICUT

No. 124474/GA IV J2/2014/Admn

13.11.2014

## CERTIFICATE

This is to certify that candidates with B.Sc. in Physics/ Chemistry or equivalent as core subjects are eligible to join for B.Ed. in Physical Science irrespective of the Complementary Courses studied by them.

This certificate is issued for the purpose of admission to B.Ed. course.

Deputy Registrar (G&A IV Branch)
for REGISTRAR

To
Safoora P

## Grievance History List

### Office of the Chief Minister

2019-07-04 15:05:05.0

Forward From CM Office>>A SHAJAHAN Secretary- General Education Department(GEDU)

**A SHAJAHAN Secretary- General Education Department(GEDU)**

2019-07-06 14:42:52.0

Forward To Section Office>>GANGA. G. R. Secretary- General Education Department(GEDU)


Downloaded by: GANGA. G. R . Section Officer (Secretariat)

File No. GEDN-J3/157/2019-G.EDN (Computer No.7351118) 17
Receipt No : 3660592/2019/G.EDN

9847 945961 / 9847 984312
Yusaira. N.K.
Kozhikode, 673572 (Pin)

(GO: 58 ഉത്തരവിൽ ഇരകളാകുന്ന അദ്ധ്യാപകരാകാ-
ൻ ഉദ്യോഗാർത്ഥികൾക്കും, വിദ്യാർത്ഥികൾക്കും വേണ്ടി)

GENERAL EDUCATION DEPARTMENT SECRETARIAT 17 JUL 2019

To.
ശ്രീ. A ഷാജഹാൻ.
പൊതു വിദ്യാഭ്യാസ സെക്രട്ടറി

Sub: GO നമ്പർ 58/2019 ൽ നിന്നും ഒഴിവാക്കപ്പെട്ട, പഠിച്ച ഉദ്യോഗാർത്ഥികളെയും വിദ്യാർത്ഥികളെയും സംരക്ഷിക്കുന്നത് സംബന്ധിച്ച്.

Sir,

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും BSc Physics ബിരുദം നേടുകയും അതിന് ശേഷം ഫിസിക്കൽ സയൻസിൽ BEd ബിരുദവും നേടി. ഫിസിക്കൽ സയൻസിൽ BEd ചെയ്യാനുള്ള പ്രവേശന മാനദണ്ഡം ഫിസിക്സിലോ അല്ലെങ്കിൽ കെമിസ്ട്രിയിലോ ഉള്ള ബിരുദമാണ് എന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് GO No (Rt): 2748/2014/H Edn dated 20-11-2014 ഉത്തരവിലൂടെ ഞങ്ങൾക്ക് ഉറപ്പ് നൽകിയതുമാണ്.

കൂടാതെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയും ഞങ്ങൾക്ക് No 124474/GA IV J2/2014/Admn dated 13-11-2014 നമ്പറിലൂടെ യോഗ്യത അംഗീകരിച്ചു നൽകിയതുമാണ്. കേരള എഡ്യുക്കേഷൻ റൂൾസിലും HSA അധ്യാപക നിയമനത്തിനുള്ള യോഗ്യത നിശ്ചയിച്ചിട്ടുള്ളത് ഫിസിക്സിലോ അല്ലെങ്കിൽ കെമിസ്ട്രിയിലോ ഉള്ള ബിരുദമാണ്. യോഗ്യത മാനദണ്ഡവും പറയുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ അധ്യാപക യോഗ്യത പരീക്ഷയായ KTET-3 ഫിസിക്സിലും കെമിസ്ട്രിയിലും ഉള്ള സിലബസിൽ ഉള്ള ചോദ്യ-

[illegible] ഭേദഗതികൾ
ഫിസിക്കൽ സയൻസ് അധ്യാപക യോഗ്യത) ക്ലാരിഫിക്കേഷനും നൽകി.

മലപ്പുറം DDEക്ക് DPI No H3/21702/2017 DPI 9/5/2017 തീയതിയിലെ കത്തിലൂടെ HSA ഫിസിക്കൽ സയൻസ് അധ്യാപക നിയമനത്തിൽ ഉപവിഷയങ്ങൾ [illegible] ഒന്നാം ഫിസിക്സിലോ, കെമിസ്ട്രിയിലോ ബിരുദവും ഉണ്ടായാൽ മതി എന്ന് വ്യക്തമാക്കി ഉത്തരവാകുകയും ചെയ്തിരുന്നു. ഇതേ പോലെ സർക്കാരിന്റെ ഉത്തരവനുസരിച്ചുള്ള ഇക്കാര്യം സംബന്ധിച്ച ഉത്തരവിന്റെ ഉള്ളടക്കം ബിരുദത്തിൽ മുഖ്യവിഷയവും BEd പഠിച്ചതിലെല്ലാം ഫിസിക്കൽ സയൻസുമാണ് യോഗ്യതയെന്നും വ്യക്തമാക്കുന്നു. മേൽ പറഞ്ഞ കോമ്പിനേഷൻ BEd ബിരുദവും യോഗ്യരാണെന്ന് പറഞ്ഞ് വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന യോഗ്യത പരീക്ഷയായ KTET-3 പാസ്സാവുകയും ചെയ്ത ഉദ്യോഗാർത്ഥികളുടെ ചേർത്ത് ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് ഉപവിഷയങ്ങളുടെ കോർ അയോഗ്യരാക്കി കൊണ്ട് 6/6/2019 ന് GO No: 58/2019 ഉത്തരവിറക്കിയിരുന്നു. ഇതു പ്രകാരം മെയിൻ വിഷയങ്ങളിൽ സബ്സിഡിയറിയായി ഫിസിക്സിലോ കെമിസ്ട്രിയിലോ പഠിച്ചവരാണ് സ്കൂളിൽ അവ പഠിപ്പിക്കാൻ യോഗ്യർ എന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ എത്തിയിരിക്കുന്നത്. മാത്തമാറ്റിക്സ് മെയിൻ ആയി ഫിസിക്സും കെമിസ്ട്രിയും പഠിച്ചവരെ സബ്സിഡിയറിയായി പഠിച്ചിട്ടില്ല എന്ന് പറഞ്ഞ് മേൽ ഉത്തരവ് GO 58/2019 പ്രകാരം പുറത്താക്കുകയും ചെയ്യപ്പെടുന്ന ദയനീയ അവസ്ഥയാണ് നിലവിലുള്ളത്.

ആയതിനാൽ വിദ്യാഭ്യാസം ചെയ്യുമെങ്കിൽ HSA Physics ഉം HSA Chemistry എന്നും രണ്ട് post create ചെയ്ത് ബിരുദത്തിന് മെയിൻ ഫിസിക്സ് പഠിച്ചവരെ HSA Physics പോസ്റ്റിലേക്കും കെമിസ്ട്രി മെയിൻ ആയി പഠിച്ചവരെ HSA Chemistry post ലേക്കും നിയമിക്കാനുള്ള സംവിധാനമുണ്ടാക്കി ചെയ്യേണ്ടിയിരുന്നത്.

സർക്കാർ പറഞ്ഞ യോഗ്യത പ്രകാരം പഠനം പൂർ-
ത്തിയാക്കി കഴിഞ്ഞ് ലഭിച്ച അധ്യാപക ജോലിക്ക്
വിലക്കേർപ്പെടുത്തി GO 58/2019 ഉത്തരവിലൂടെ
ഞങ്ങളോട് കാണിച്ച ഈ ക്രൂരമായ ഇരട്ടത്താപ്പ്
സർക്കാരിൽ നിന്ന് പ്രതീക്ഷിച്ചില്ല.

മേൽ പറഞ്ഞ ഉത്തരവിൽ നിന്നും സബ്സിഡ-
-റി പരിഗണിക്കാതെ KER നിഷ്കർഷിച്ച യോഗ്യത നേ-
ടിയ ഞങ്ങളെപ്പോലെ യോഗ്യത നേടിയ ഇതുവരെ സർ-
ക്കാർ മേഖലയിലും Aided മേഖലയിലും ജോലിയിൽ
അപേക്ഷിച്ചവർക്കും 2016. P.S.C നോട്ടിഫിക്കേഷൻ
പ്രകാരം പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾക്കായി
GO 73/2019 ഉത്തരവിറക്കിയും തിരുത്തിയും ന്യായമായ അവ-
രക്ഷിതാം നൽകുന്നുമുണ്ട്. ഇതേ സമത്വം ഇതുവരെ
BEd ചെയ്തവർക്ക് കൂടെ ലഭ്യമാക്കി ഇരട്ടനീതി നടപ്പി-
ലാക്കുവാനും എന്നെ പോലെ തന്നെ പഠിച്ചായിരിക്കണം
ക്കിന് ഉദ്യോഗാർത്ഥികളുടെ യോഗ്യതയെയും ജോലി ആ-
-ട്ടുന്നതിന്റെയും അനിശ്ചിതത്തിലാക്കി കൊണ്ടുള്ള ഉത്ത-
വിൽ നിന്നും ഇതുവരെ പഠിച്ചവർക്കും ഇപ്പോൾ BEd
ചെയ്തവർക്കും ബാധകമല്ല എന്ന രീതിയിലോ അല്ലെ-
ങ്കിൽ GO 58 പിൻവലിക്കുന്നതിനോ ഉടനെ ഇടപെട്ട്
പരിഹാരം കാണണമെന്ന് വിനീതമായി അഭ്യർത്ഥിക്കു-
ന്നു.

എന്ന്

17-7-2019.

തിരുവനന്തപുരം.

Yusaira. N.t
[signature]

Faseena. T
[signature]

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
(കോട്ടക്കൽ)
അംഗം
കേരള നിയമസഭ
പമ്പ ബ്ലോക്ക് സ്യൂട്ട്-203,
എം.എൽ.എ. ഹോസ്റ്റൽ,
തിരുവനന്തപുരം.

ഫോൺ :
വസതി : 04933-282329
ഓഫീസ് : 0471-2512388
മൊബൈൽ : 9447282329
ഹറമൈൻ ഹൗസ്,
വടക്കൊരമ്മ പി. ഒ.,
തങ്ങൾ, മലപ്പുറം,
പിൻ-679 324.
ഇ-മെയിൽ : ahthangal@gmail.com
വെബ്സൈറ്റ് : www.fb.com/ahthangal

15 JUL 2019
SECRETARIAT

സ്ഥലം: തിരുവനന്തപുരം
തീയതി: 6.7.2019

പ്രിൻസിപ്പൽ സെക്രട്ടറി

സൂചന (1) 1059/2019/MLA Cong/Vig
(2) നം 58/2019/ 6.6.2019

സൂചനയായി നൽകിയിട്ടുള്ള ഫിസിക്കൽ സയൻസ് അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന നിവേദനം താങ്കൾക്ക് അയച്ചു തന്നതായി ബഹു. മന്ത്രി അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിൽ താങ്കൾ സ്വീകരിച്ച നടപടികളും അതിന്റെ പുരോഗതിയും അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.

MEMBER, KERALA ... KOTTAKKAL

സസ്നേഹം,

ഡോ. എ. ഷാജഹാൻ IAS
സെക്രട്ടറി (പൊതുവിദ്യാഭ്യാസം)

PROF ABID HUSSAIN THANGAL
(KOTTAKKAL)
MEMBER
..ATIVE ASSEMBLY

നം. എച്ച്(3)/28387/2019/ഡിജിഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 26.07.2019.

പ്രേഷിതാവ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്
ഗവൺമെന്റ് സെക്രട്ടറി
പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ് (അനക്സ് II),
തിരുവനന്തപുരം.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം-എച്ച്.എസ്.റ്റി(ഫിസിക്കൽ സയൻസ്)-യോഗ്യത പരിഷ്കരിച്ചത് സംബന്ധിച്ച്.

സൂചന:-
1) 06-06-2019 ലെ സ.ഉ.(കൈ) നമ്പർ 58/19/പൊ.വി.വ.
2) 26-06-2019 ലെ ജി.ഒ(കൈ) നമ്പർ 73/2019/പൊ.വി.വ.
3) 25-07-2019 ലെ സർക്കാർ കത്ത് നമ്പർ ജെ3/157/2019/പൊ.വി.വ.

*****

സൂചന (3) ലെ കത്തിനെ അടിസ്പദമാക്കി. താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുന്നു.

1) 06-06-2019 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയങ്ങളല്ലാതെ പഠിച്ച് ബി.എസ്.സി ഫിസിക്സ്/കെമിസ്ട്രി ബിരുദം നേടിയവരെയും, ഈ തീയതിയിൽ പ്രസ്തുത കോഴ്സുകൾ പഠിക്കുന്നവരെയും, ഈ തീയതിയിൽ 43, 51 എ, 51 ബി ചട്ടങ്ങൾ (കെ.ഇ.ആർ അദ്ധ്യായം XIV എ) പ്രകാരമുള്ള അവകാശം സിദ്ധിച്ചവരെയും സൂചന (1) ലെ ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നത് ഉചിതമായിരിക്കും.
2) ബി.എഡ്. (ഫിസിക്കൽ സയൻസ്) കോഴ്സിന് പ്രവേശനം നൽകുന്ന വേളയിൽ ഫിസിക്സ്, കെമിസ്ട്രി എന്നിവ ഉപവിഷയമായി പഠിച്ച് ബി.എസ്.സി ഫിസിക്സ്/കെമിസ്ട്രി ബിരുദം നേടിയവരെ മാത്രമേ ബി.എഡ്.(ഫിസിക്കൽ സയൻസ്) ബിരുദത്തിന് ശേഷം കേരളത്തിലെ എയ്ഡഡ്/സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.റ്റി (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിക്കൂ എന്ന വിവരം പഠിതാക്കളെ അറിയിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

പൊതുവിദ്യാഭ്യാസ ഡയറക്ടർ

വിഎം

(ഒപ്പ്)
സെക്ഷൻ ഓഫീസർ